(ഡി) സുപ്രീം കോടതിവിധിയുടെ പകർപ്പ് എല്ലാ റയിൽവേ അധികാരികൾക്കും നല്കുകയും കേരള പൊതുവില്പനനികുതിനിയമം 29എ. 30 വകുപ്പുകൾ പ്രകാരം വാണിജ്യനികുതി വകുപ്പിന് നികുതിവെട്ടിപ്പ് സംശയിക്കുന്നതുമായ ചരക്കുകളിൽമേൽ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരങ്ങളും നടപടിക്രമങ്ങളും റയിൽവേ ഉദ്യോഗസ്ഥരെ വിശദീകരിച്ച് ബോദ്ധ്യപ്പെടുത്തുകയും നികുതി ഉദ്യോഗസ്ഥർക്ക് റയിൽവേസ്റ്റേഷനുകളിൽ പരിശോധന നടത്തുന്നതിന് എല്ലാ സഹകരണങ്ങളും ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്ന റയിൽവേയുടെ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥനമാരുടെ ശ്രദ്ധയിൽകൊണ്ടുവരുകയും ചെയ്തിട്ടുണ്ട്.

(ഇ) സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ നികുതി ഇന്റലിജൻസ് വിഭാഗം റയിൽവേ സ്റ്റേഷനുകളിൽ പരിശോധന നടത്തുകയുണ്ടായി. എന്നാൽ റയിൽവേ ഉദ്യോഗസ്ഥൻമാരുടെ നിസ്സഹകരണംമൂലം എല്ലാ സ്റ്റേഷനുകളിലും ശരിയായ രീതിയിൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) കേരളത്തിലെ എല്ലാ പ്രധാന റെയിൽവേസ്റ്റേഷനുകളിലും കള്ളക്കടത്ത് തടയുന്നതിനും, നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും വില്പന നികുതി സ്കാഡുകളെ 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) ഉണ്ട്. പിടിച്ചെടുക്കപ്പെടുന്ന സാധനങ്ങൾ സൂക്ഷിക്കുവാൻ ഗോഡൗൺ സൗകര്യവും വില്പനനികുതി വകുപ്പിന്റെ വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യവും ഉൾപ്പെടെ എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ഐ) വില്പനനികുതിനിയമം അനുസരിച്ച് മതിയായ രേഖകളില്ലാതെ കൊണ്ടുവരുന്നതും, കടത്തുന്നതുമായ സാധനങ്ങൾ പിടിച്ചെടുക്കപ്പെടുമ്പോൾ അവയ്ക്ക് വില്പന നികുതിയുടെ ഇരട്ടിത്തുക സെക്യൂരിറ്റിയായി ഈടാക്കുകയും, മനഃപൂർവ്വം നികുതിവെട്ടിപ്പ് നടത്തി സാധനങ്ങൾ കൊണ്ടുവരികയോ, കൊണ്ടുപോകുകയോ ചെയ്തായി ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത സെക്യൂരിറ്റി തുക പിഴയായി കണക്കാക്കപ്പെടുന്നതുമാണ്.

(ജെ) സ്വീകരിക്കുന്നതാണ്.

വാഹനങ്ങളുടെ സമാന്തര സർവീസ്

15(*221) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനങ്ങൾ സമാന്തര സർവീസ് നടത്തിവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ യാത്രകൂലി ഏകീകരിക്കാനും സമാന്തര സർവ്വീസുകൾ നിയമ വിധേയമാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) സമാന്തര സർവീസ് നിയമവിധേയമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ

16(*222) ശ്രീ. എ. കണാരൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിട്ടുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭകർക്ക് എന്തെങ്കിലും സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് കർഷകസംഘടനകളുടെ അഭിപ്രായം ആരായുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly